# THE STATE ELECTRICITY OMBUDSMAN

D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com


## അപ്പീൽ പരാതി നമ്പർ: **P/031/2023**

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
തീയതി: ആഗസ്റ്റ് **-04- 2023**

പരാതിക്കാരൻ : ശ്രീ. പി. സി. ഡേവിസ്,
പള്ളിപ്പുറം ഹൗസ്,
സെന്റ് ആന്റണീസ് സ്ട്രീറ്റ്,
കുരിയച്ചിറ,
തൃശ്ശൂര് (ജില്ല) -680006

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ. എസ്. ഇ. ബി ലിമിറ്റഡ്.,
ഒല്ലൂർ, തൃശ്ശൂർ.

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

പരാതിക്കാരൻ, തൃശ്ശൂർ ചിറ്റിശ്ശേരി നെന്മണിക്കര വില്ലേജിൽ താമസിക്കുന്ന ശ്രീ. പി. സി. ഡേവിസിന് ഒല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ തരിശായ ഭൂമിയുണ്ട്. നെന്മണിക്കര പഞ്ചായത്ത് ചിറ്റിശ്ശേരി മേഖലയിൽ തെരുവ് വിളക്ക് നൽകണമെന്ന് ലൈസൻസിയോട് അഭ്യർഥിച്ചതിനാൽ വൈദ്യുത ലൈനിലൂടെ സ്ട്രീറ്റ് മെയിൻ വേണമെന്ന ആവശ്യമുയർന്നു. ഇങ്ങനെ street main വലിക്കേണ്ടി വന്നപ്പോൾ ലൈനിൽ വളവ് വന്ന ഭാഗത്തുള്ള പോസ്റ്റിൽ ഒരു സ്റ്റേ വയർ സ്ഥാപിക്കേണ്ടിവന്നു. ആ സ്റ്റേ സ്ഥാപിച്ചിരിക്കുന്നത് പരാതിക്കാരന്റെ വസ്തുവിൽ ആണ്. ഉടമയുടെ സമ്മതമില്ലാതെ അതിക്രമിച്ച കയറി സ്ഥാപിച്ച സ്റ്റേ മാറ്റണമെന്നാണ് പരാതിക്കാരന്റെ ആവശ്യം. ഈ ആവശ്യം ഉന്നയിച്ച് ലൈസൻസിയുടെ കേന്ദ്രങ്ങളെ

സമീപിച്ചെങ്കിലും പരിഹാരം കാണാത്തതിനാൽ CGRF-ൽ പരാതി സമർപ്പിച്ചു. പ്രസ്തുത പരാതിയിൽ CGRF, 16/5/2023 ൽ ഇറക്കിയ ഉത്തരവിൽ ഇതേ പരാതി തൃശ്ശൂർ ADM-ന്റെ തീരുമാനത്തിന് സമർപ്പിച്ചിരിക്കുന്നതിനാൽ തീരുമാനമെടുക്കാൻ കഴിയില്ല എന്ന് സൂചിപ്പിച്ചിരിക്കുന്നു. CGRF-ന്റെ ഉത്തരവിന്റെ അപ്പീൽ ആയിട്ടാണ് ഈ പരാതി സമർപ്പിച്ചിരിക്കുന്നത്.

### പരാതിക്കാരന്റെ വാദം

1. KSEB ടീം ഞങ്ങളുടെ വസ്തുവിൽ ഇടപെട്ടതായി നിരീക്ഷിച്ചു, എന്റെ സമ്മതമില്ലാതെ ടീം എന്റെ സ്ഥലത്തിന്റെ പരിസരത്തുള്ള പോസ്റ്റ് OLR PAC 52/1 ൽ നിന്ന് ഒരു സ്റ്റേ വയർ സ്ഥാപിച്ചു. കെഎസ്ഇബി സംഘത്തിന്റെ നടപടി രാജ്യത്തെ പൗരനോടുള്ള അങ്ങേയറ്റം അപമാനകരമാണെന്നും, തന്റെ മൗലികാവകാശങ്ങളിലേക്കുള്ള ഇടപെടലാണെന്നും ഞങ്ങൾ കരുതുന്നു. ഏതെങ്കിലും സ്ഥാപനം/കമ്പനി ആരുടെയെങ്കിലും വസ്തുവിൽ പ്രവേശിക്കണമെങ്കിൽ, പ്രോപ്പർട്ടി ഉടമയിൽ നിന്ന് രേഖാമൂലമുള്ള സമ്മതം വാങ്ങിയിരിക്കണം. വസ്തു ഉടമയിൽ നിന്ന് സമ്മതം വാങ്ങണമെന്ന അടിസ്ഥാന മാന്യത KSEB പാലിച്ചിട്ടില്ല, ഇക്കാര്യത്തിൽ ഞങ്ങളുടെ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

   KSEB സ്ഥാപിച്ച സ്റ്റേ വയർ ഉടൻ തന്നെ എന്റെ പരിസരത്ത് നിന്ന് നീക്കം ചെയ്യാൻ അഭ്യർത്ഥിച്ചു.

   ഒല്ലൂർ സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എൻജിനീയറുമായി ബന്ധപ്പെട്ടപ്പോൾ ഈ കേസ് തനിക്ക് അറിയില്ലെന്നും പരാതി എഴുതി നൽകാനും ആവശ്യപ്പെട്ടു.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്ഷൻ എഞ്ചിനീയറും തങ്ങളുടെ കീഴിൽ ചെയ്യുന്ന ജോലി "ഞങ്ങൾക്ക് അറിയില്ല" എന്നത് പൊതുജനങ്ങൾക്ക് ബോധ്യപ്പെടുന്ന ഉത്തരമല്ലെന്നത് ശ്രദ്ധിക്കേണ്ടതാണ്, കാരണം ഓരോ ജോലിക്കും സർക്കാരിൽ നിന്നാണല്ലോ ചെലവ് നൽകുന്നത്. ഒല്ലൂർ A.E. ആവശ്യപ്പെട്ടതനുസരിച്ച് ഞങ്ങൾ ഈ പരാതി രജിസ്റ്റർ ചെയ്തു.

3. മേൽപ്പറഞ്ഞ പോസ്റ്റ് 2014 ഡിസംബർ 17.11.2014-ന് സ്ഥാപിച്ചു. A- 21567214043359 എന്ന രസീത് നമ്പറിൽ സ്ഥാപിതമായ ബിൽ നമ്പർ: 5672141111220 പ്രകാരം സൂപ്പർവിഷൻ ചാർജുകൾ ഉൾപ്പെടെ 6150 രൂപയും ഈടാക്കി.

   എന്തുകൊണ്ടാണ് ഞങ്ങൾ തുക അടച്ച അന്നത്തെ സൂപ്പർവൈസർ, സ്റ്റേ വയറിന്റെ ആവശ്യകതയെ കുറിച്ച് അന്നത്തെ ചെലവുവഹിച്ച ഭൂവുടമകളുമായി ചർച്ച ചെയ്യാത്തത്, വസ്തു ഉടമയെ അറിയിക്കാതെ പെട്ടെന്ന് സ്റ്റെ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത എന്നായിരുന്നു.

   പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കാതെ സ്റ്റേ വയർ ഇടാൻ ഇതേ പോസ്റ്റിൽ ചില ഓപ്ഷനുകൾ ലഭ്യമാണ്. പ്രധാന സ്ട്രീറ്റിൽ നിന്ന് നേരിട്ട് ലൈൻ വലിക്കാൻ കഴിയും, അങ്ങനെ ആയാൽ പറഞ്ഞ പോസ്റ്റ് മറ്റെല്ലാ പോസ്റ്റുകളുമായും നേർരേഖയിലായിരിക്കും, ആംഗിൾ മാറ്റമില്ലാതെ, സ്റ്റേ വയർ തന്നെ ആവശ്യമായി വരില്ല.

4. കൂടാതെ, ഇലക്ട്രിക്കൽ പോസ്റ്റുകളുടെ നല്ല ഘടനാപരമായ ഡിസൈൻ സ്റ്റേ വയർ ഇടുന്നതിനുള്ള അധിക ചിലവ് ഒഴിവാക്കുന്നു, സ്റ്റെ വയർ പൊതുജനങ്ങൾക്ക് അപകടവും അസൗകര്യവുമുണ്ടാക്കുന്നു.

   കെ.എസ്.ഇ.ബിയുടെ ലൈനിലും സ്റ്റെയിൽനിന്നുമൊക്കെ ആളുകൾ വൈദ്യുതാഘാതമേറ്റ് മരിക്കുന്ന സംഭവങ്ങൾ കെ.എസ്.ഇ.ബിയിൽ നിന്നും പത്രങ്ങളിൽ നിന്നും നമ്മൾ ഒരുപാട് കേട്ടിട്ടുണ്ട്. ഇത് കാണിക്കുന്നത് കെഎസ്ഇബിയുടെ ലൈനിനും സ്റ്റെയ്ക്കും എല്ലായ്പ്പോഴും അപകടസാധ്യതയുണ്ടെന്നാണ്. ഇത്തരം സംഭവങ്ങൾ നമ്മുടെ പരിസരത്ത് നമ്മുടെ പ്രിയപ്പെട്ടവർക്കെങ്കിലും സംഭവിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പൊതുജനങ്ങൾക്കുള്ള

അസൗകര്യങ്ങൾ ഒഴിവാക്കാൻ ലൈനിനു സമാനമായ കേബിൾ ഇടുന്നതിനുള്ള മികച്ച സമ്പ്രദായങ്ങൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്. കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നയപരമായ തീരുമാനവും ലോകമെമ്പാടുമുള്ള മികച്ച രീതികളും പിന്തുടരുന്നത് ഇലക്ട്രിക്കൽ

ലൈൻ ഇൻസ്റ്റാളേഷനുകൾ മൂലമുണ്ടാകുന്ന അപകടവും അസൗകര്യവും കുറയ്ക്കുന്നു. അനുമതിയില്ലാതെ സ്ഥാപിച്ച സ്റ്റെ വയർ എന്റെ വസ്തുവിൽ നിന്നും ഉടനെ മാറ്റേണ്ടതാണ്.

## എതിർക്കക്ഷിയുടെ വാദം

1. താഴെ വ്യക്തമായി സമ്മതിക്കുന്നതൊഴികെ പരാതിയിലെ ശേഷം പ്രസ്താവനക എതിർകക്ഷികൾ നിഷേധിക്കുന്നു. മേൽ നമ്പർ പരാതി നിയമപ്രകാരം നിലനിൽക്കാത്തതും ഉത്തമവിശ്വാസമില്ലാതേയും തെറ്റായ കാരണങ്ങൾ കാണിച്ചും ബോധിപ്പിച്ചിട്ടുള്ളതും അതിനാൽ തള്ളിക്കളയേണ്ടതുമാണ്. ഒല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഒല്ലൂർ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ വരുന്ന ചിറ്റിശ്ശേരി എന്ന സ്ഥലത്ത് PAC/52/1 എന്ന പോസ്റ്റിൽ നിന്ന് പരാതിയിൽ പറഞ്ഞിരിക്കുന്ന വ്യക്തിയുടെ വസ്തുവിലേക്ക് സ്റ്റെ ഇട്ടതായി കണ്ടെത്തി. നെന്മണിക്കര പഞ്ചായത്തിലെ സെക്രട്ടറിയുടെ ആവശ്യപ്രകാരമാണ് സ്ട്രീറ്റ് മെയിൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ റ്റേ സ്ഥാപിച്ചിട്ടുള്ളത്. OLR/PAC/52/1 എന്ന പോസ്റ്റിൽ നിലവിൽ 3 കമ്പി സ്ഥാപിച്ച വൈദ്യുതി ലൈനാണ് ഉള്ളത്. നെന്മണിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/12/2021 തിയ്യതിയിലെ കത്ത് പ്രകാരം ടി. പോസ്റ്റിലൂടെ OLR/PAC/52/2 പോസ്റ്റ് വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതുപ്രകാരം 15th വാർഡ് പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത പഞ്ചായത്ത് എസ്റ്റിമേറ്റ് പ്രകാരം പണം അടക്കുകയും ചെയ്തു. നിലവിലെ 2 കമ്പി ലൈൻ ടി. പോസ്റ്റിൽ ആംഗിൾ ആയി സ്ഥാപിച്ചതിനാലും (നേരെ അല്ലാത്തതിനാലും) പുതിയതായി സ്ഥാപിക്കുന്ന കമ്പി കനം കൂടിയ ഇനമായതിനാലും നിലവിലെ പോസ്റ്റ് PSC ഇനത്തിൽപ്പെട്ടത് ആയതിനാലും സ്റ്റെ ഒഴിവാക്കാൻ സാധിക്കാത്തതാണ്. എസ്റ്റിമേറ്റ് എടുക്കുന്ന സമയത്തും സ്റ്റേ സ്ഥാപിക്കുന്ന സമയത്തും പരിസരവാസികളോട് അന്വേഷിച്ചതിൽ നിന്നും ടി സ്ഥലത്തിന്റെ ഉടമയെക്കുറിച്ച് വ്യക്തമായി അറിയില്ലെന്നും അറിയിച്ചു. നിലവിലെ ലൈനിന്റെ സുരക്ഷയ്ക്കും, ടി.പോസ്റ്റിന് സ്റ്റേ ഇല്ലാതിരുന്നതിനാലും ചരിഞ്ഞതിനാലും പുതിയതായി സ്ട്രീറ്റ് മെയിൻ കമ്പി ചേർക്കുന്നതിനാലും അപകടാവസ്ഥ കൂടാൻ സാധ്യതയുള്ളതിനാൽ എൽ ടി സ്റ്റേ ഒഴിവാക്കാൻ സാധിക്കാത്തതാണ്.

2. നിലവിൽ ടി. പോസ്റ്റിന്റെ സുരക്ഷക്കായി പുതിയതായി സ്ഥാപിച്ച സ്റ്റേ ടി. സ്ഥലത്തിന്റെ ചുറ്റുമതിലിനോട് വളരെ ചേർന്ന രീതിയിലാണ് സ്ഥാപിച്ചിരിക്കുന്നത്. പരാതിക്കാരൻ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന രീതിയിൽ നേർരേഖയിൽ ലൈൻ സ്ഥാപിക്കുന്ന പക്ഷം വടക്ക ഭാഗത്തുള്ള ഭൂമിയിലേക്ക് വൈദ്യുതി ലൈൻ കയറുന്നതും കൂടുതൽ

സങ്കിർണമാകുന്നതുമാണ്. പുതിയതായി സ്ഥാപിച്ച സ്റ്റെയിൽ നിയമാനുസൃതമായ സുരക്ഷാ മുൻകരുതലുകൾക്കായി സ്റ്റേ ഇൻസുലേറ്റർ ഉപയോഗിച്ചുകൊണ്ടാണ് സ്റ്റേ സ്ഥാപിച്ചിരിക്കുന്നത്. ആയതിനാൽ സ്റ്റെയിൽ നിന്നുള്ള അപകടസാധ്യത പരാതിക്കാരന്റെ ഒരു തെറ്റിദ്ധാരണ മാത്രമാണ്. പരാതിക്കാരൻ ഉന്നയിച്ച പരാതി പ്രകാരം സ്റ്റേ ഒഴിവാക്കുന്ന പക്ഷം OLR/PAC/52/1 പോസ്റ്റ് ഒടിഞ്ഞുവീഴാനും കൂടുതൽ വൈദ്യുത അപകടങ്ങൾ ഉണ്ടാകാനും സാധ്യതയുണ്ട്. ഇത് പൊതു ജനങ്ങളുടെ സുരക്ഷയെ ബാധിക്കുന്നതാണ്. പ്രസ്തുത ലൈനിനു സ്റ്റേ ഇടാതെ പോസ്റ്റ് നിലനിർത്തുക സാധ്യമല്ലാത്ത കാര്യമാണ്. എന്നാൽ പരാതിക്കാരനുമായി ഫോണിലൂടെ സംസാരിച്ചപ്പോൾ സ്റ്റേ മാറ്റിയിടാതെ യാതൊരു വിട്ടു വീഴ്ച്ചക്കും തയ്യാറല്ല എന്നാണ് അദ്ദേഹം പറയുന്നത്. പ്രസ്തുത പോസ്റ്റ് നിലനിർത്തുന്നതിന് സ്റ്റേ വലിക്കേണ്ടത് വളരെ അനിവാര്യമായിരുന്നു. മാത്രമല്ല ഈ പരാതിയുടെ ശ്വാശ്വത പരിഹാരത്തിനുവേണ്ടി ബഹുമാനപ്പെട്ട തൃശ്ശൂർ അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ DB-31 /2022-23/11/AEE/ESD/OLR/DATED: 20.04.2023 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു.

മേൽ സൂചിപ്പിച്ച വസ്തുതകൾ പരിഗണിച്ചു കൊണ്ട് ഈ പരാതി തള്ളി ഉത്തരവാകണമെന്ന് ബഹുമാനപ്പെട്ട ഫോറത്തോട് താഴ്മയായി അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർ വാദം

1. ഒല്ലൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന ചിറ്റിശ്ശേരി എന്ന സ്ഥലത്ത് എന്റെ വക വസ്തുവിൽ എന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് ഒല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ ജീവനക്കാർ അനധികൃതമായി പ്രവേശിച്ച് ഇലക്ട്രിക്ക് സ്റ്റേ വയർ സ്ഥാപിച്ചിട്ടുള്ളത്. ഈ അനധികൃതമായ നടപടി മൂലം ഗുരുതരമായ ഒരു നിയമലംഘനമാണ് സംഭവിച്ചിട്ടുള്ളത്. ഓഫീസ് ചട്ടങ്ങളും പൊതുവായി അനുവർത്തിക്കേണ്ട മര്യാദകളും അപ്പാടെ വിസ്മരിച്ചുകൊണ്ടാണ് അന്യായമായി ഈ പ്രവൃത്തി നടത്തിയിട്ടുള്ളത്; ഒരിക്കലും സംഭവിക്കുവാൻ പാടില്ലാത്ത ഒരു നടപടിയാണ് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഉണ്ടായിട്ടുള്ളത്.

2. എന്റെ അനുവാദം ഇല്ലാതെയാണ് എന്റെ വസ്തുവിൽ പ്രവേശിച്ച് അവിടെ സ്റ്റേ വയർ സ്ഥാപിച്ചതെന്ന കാര്യത്തെകുറിച്ച് കാര്യവിവര പ്രതികയിൽ ഒന്നും തന്നെ പരാമർശിച്ചിട്ടില്ല. നിയമപരമായും പ്രാഥമികമായും പാലിച്ചിരിക്കേണ്ട "ഉടമസ്ഥന്റെ അനുവാദം വാങ്ങുക" എന്ന കടമ ബോധപൂർവ്വം മറച്ചുവെച്ച് അന്യായമായി നടത്തിയ ടി പ്രവൃത്തി ന്യായീകരിക്കുവാനാണ്, ഈ കാര്യവിവര

   പത്രികയിലൂടെ ശ്രമിച്ചിട്ടുള്ളത്. ആയതുകൊണ്ടുതന്നെ, ഈ കാര്യവിവരപത്രികയിലൂടെ ടി പ്രവൃത്തി ന്യായീകരിക്കുന്നതിന് ചൂണ്ടികാണിച്ചിട്ടുള്ള വസ്തുതകൾക്കും, കാരണങ്ങൾക്കും ഒരു പ്രസക്തിയും കാണുന്നില്ല; ഒരു വിലയും കൽപ്പിക്കുവാൻ സാധിക്കുന്നതല്ല. ഇതിലെ പല പ്രസ്താവനകളും അപ്രസക്തങ്ങളുമാണ്; ദുർബലമായ വാദങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

3. ഈ പരാതിയുടെ ശാശ്വത പരിഹാരത്തിനുവേണ്ടി 24-04-2023 തിയ്യതി പ്രകാരം ഒല്ലൂർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ബഹു. തൃശ്ശൂർ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നാണ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ) തൃശ്ശൂർ സർക്കിളിന്റെ 26-04-2023 തിയ്യതിയിലെ D-B7/ പരാതി/ 2023-24/119 നമ്പർ ടി കത്തിലൂടെ അറിയിച്ചിട്ടുള്ളത്.

   ടി കത്തിന് 01-05-2023 തിയ്യതി പ്രകാരം വിശദമായ മറുപടി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ) ഇലക്ട്രിക്കൽ സർക്കിൾ തൃശ്ശൂരിന് അയച്ചിട്ടുണ്ട്.

   KSEB യുടെ ഒരു ഉന്നത സമിതിയുടെ പരിഗണനയിലിരിക്കുന്ന ഈ വിഷയത്തിൽ അതിന്റെ പരിഹാരത്തിനുവേണ്ടി തൃശ്ശൂർ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷ സമർപ്പിച്ച ഒല്ലൂർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നടപടി വിലയിരുത്തപ്പെടേണ്ടതാണ്. ഈ നടപടിയെ മേലധികാര സ്ഥാനത്തോട് കാണിച്ച ഒരു അനാദരവായിട്ടാണ് കരുതുവാൻ കഴിയുകയുള്ളൂ.

4. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഒല്ലൂർ, ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ 02-06-2023 തിയ്യതിയിലെ DB-31/2023-24/39/AEE/ESD/OLR നമ്പർ പ്രകാരം സമർപ്പിച്ച കാര്യവിവര പ്രതികയിൽ, "ഈ പരാതിയുടെ ശാശ്വതപരിഹാരത്തിനുവേണ്ടി ബഹു. തൃശ്ശൂർ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ DB-31/2022-23/11/AEE/ESD/OLR/DATED: 20.04.2023 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു". എന്നാണ് അറിയിച്ചിട്ടുള്ളത്. ചുരുക്കത്തിൽ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഒല്ലൂർ, ബഹു. തൃശ്ശൂർ അഡീഷണൽ ഡിസ്ട്രക്ട് മജിസ്ട്രേറ്റിന് സമർപ്പിച്ച രണ്ട് അപേക്ഷകളിൽ കാണിച്ച തിയ്യതികൾ

പരസ്പര വിരുദ്ധമാണ്. ഈ കാര്യത്തിൽ ഒരു ദുരൂഹത നിലനിൽക്കുന്നുവെന്ന് സംശയിക്കുന്നു; ഈ വസ്തുത പരിശോധിക്കപ്പെടേണ്ടതാണെന്ന് അറിയിക്കുന്നു.

5. സ്റ്റേ വയർ ഇടാതെ തന്നെ, പോസ്റ്റുകൾക്ക് ബലക്ഷയം സംഭവിക്കാത്തവിധം ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കാൻ ഇപ്പോൾ നല്ല

സംവിധാനങ്ങൾ ഉണ്ടായിരിക്കെ, അല്ലെങ്കിൽ റോഡിന്റെ അരികിൽ തന്നെ നിർദ്ദിഷ്ട പോസ്റ്റിന് സമീപം, സ്വകാര്യ സ്ഥലത്തിന് പുറത്ത് സ്റ്റേ വയർ സ്ഥാപിക്കുവാൻ സൌകര്യം ഉണ്ടായിരിക്കെ അനധികൃതമായി എന്റെ വസ്തുവിൽ പ്രവേശിച്ച് അതിനുള്ളിൽ സ്റ്റേ വയർ സ്ഥാപിച്ചതിന്റെ യഥാർത്ഥ ഉദ്ദേശം എന്താണെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. എന്റെ വസ്തുവിന് സമീപമുള്ള പോസ്റ്റിന് ശേഷം വരുന്ന 2 പോസ്റ്റുകൾക്കും സ്റ്റെ വയർ സ്ഥാപിച്ചിട്ടുള്ളത് റോഡരുകിൽ തന്നെയാണ്.

എന്റെ വസ്തുവിന്റെ മുമ്പിലുള്ള റോഡിൻ ഇലക്ട്രിക് പോസ്റ്റുകൾ നാട്ടി 2 കമ്പി ലൈൻ സ്ഥാപിച്ചത് ഉദ്ദേശം 8 വർഷം മുമ്പാണ്. ഒരു വളവുമില്ലാതെ നേരെ സ്ഥിതിചെയുന്ന ഒരു റോഡായതിനാൽ, രണ്ട് കമ്പി ലൈൻ ടി പോസ്റ്റിൽ ആംഗിൾ ആയി സ്ഥാപിക്കേണ്ട ആവശ്യമില്ലായിരുന്നു. എങ്കിൽ പോലും ഇപ്പോൾ ടി പോസ്റ്റിൽ പുതുതായി സ്റ്റെ വയർ എന്റെ വസ്തുവിൽ സ്ഥാപിക്കാതെ, ടി പോസ്റ്റിന് സമീപം റോഡരുകിൽ തന്നെ സ്ഥാപിക്കാമായിരുന്നുവെന്ന കാര്യം അറിയിക്കുന്നു.

6. ഞാൻ ചൂണ്ടികാണിച്ചിട്ടുള്ള വസ്തുതകൾ നേരിട്ട് പരിശോധിച്ച് നിജസ്ഥിതി വിലയിരുത്തണമെന്ന് അപേക്ഷിക്കുന്നു.

ഏതാനും നാളുകളായി ചില ശാരീരിക അസ്വസ്ഥതകളുള്ള പ്രായമായ എന്നെ, ഈ വിഷയം മാനസികമായും വല്ലാതെ വിഷമിപ്പിച്ചിരിക്കുന്നുവെന്ന കാര്യം അറിയിക്കുന്നു. തികച്ചും ന്യായമായ ഒരു കാര്യത്തിൽ നീതി ലഭിക്കുവാൻ ഇനിയും എത്രനാൾ കാത്തിരിക്കേണ്ടിവരുമെന്ന ചിന്ത എന്നെ ഏറെ ദുഃഖിപ്പിക്കുന്നു.

7. <u>അപേക്ഷ</u>

- അനധികൃതമായി എന്റെ വസ്തുവിൽ പ്രവേശിച്ച് സ്ഥാപിച്ചിട്ടുള്ള സ്റ്റെ വയർ എത്രയും വേഗം അവിടെനിന്ന് മാറ്റി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിതരുവാൻ അപേക്ഷിക്കുന്നു.

- ഇത്തരത്തിലുള്ള അനധികൃത നടപടികൾ മൂലം മേലിൽ പൊതുജനങ്ങൾ ബുദ്ധിമുട്ടാതിരിക്കുന്നതിന്, ഈ പ്രവൃത്തി നടത്തിയ ജീവക്കാരെ വേണ്ടവിധം ഉപദേശിക്കുന്നതിന് ഡിപ്പാർട്ടമെന്റിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

- ജീവനക്കാർക്ക് ഇതു സംബന്ധിച്ച് ഒരു പൊതു നിർദ്ദേശം പുറപ്പെടുവിക്കുവാൻ ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം നൽകുവാനും അപേക്ഷിക്കുന്നു.

- ഈ അനധികൃത നടപടി മൂലം എനിക്ക് സംഭവിച്ച ബുദ്ധിമുട്ടുകൾക്ക്, ശാരീരിക, മാനസിക, സാമ്പത്തിക- നഷ്ടപരിഹാരമായി അനുവദിക്കാവുന്ന ഒരു തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കി എനിക്ക് നൽകുന്നതിനും അപേക്ഷിക്കുന്നു.

<u>വിശകലനവും കണ്ടെത്തലുകളും</u>

നെന്മണിക്കര പഞ്ചായത്തിന്റെ ആവശ്യപ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി Street main ആയി ഒരു അധിക ലൈൻ വലിക്കേണ്ടിവന്നു. അപ്പോൾ ലൈനിന്റെ എണ്ണം

കൂടിയതിനാലും ലൈനിൽ വളവ് വന്നതിനാലും സുരക്ഷ കണക്കാക്കി കോൺക്രീറ്റ് പോസ്റ്റിനെ താങ്ങി നിർത്തുന്നതിന് വേണ്ടിയാണ് ഒരു സ്റ്റേ വയർ സ്ഥാപിച്ചത്. ആ സ്റ്റേ വയർ പരാതിക്കാരന്റെ അനുമതിയില്ലാതെ അദ്ദേഹത്തിന്റെ വസ്തുവിൽ സ്ഥാപിച്ചതാണല്ലോ പരാതിക്കാധാരം. The Electricity Act Section 164 പ്രകാരം ചില കാര്യങ്ങളിൽ Indian Telegraph Act 1885-ലെ ചട്ടങ്ങൾ ഉപയോഗിക്കാൻ അധികാരം നൽകുന്നു.

Section 164 of Electricity Act 2003 *"The Appropriate Government may, by order in writing, for the placing of electric lines or electrical plant for the transmission of electricity or for the purpose of telephonic or telegraphic communications necessary for the proper co-ordination of works, confer upon any public officer, licensee or any other person engaged in the business of supplying electricity under this Act, 1885 (13 of 1885), any of the powers which the telegraph authority possesses under that Act with respect to the placing of telegraph lines and posts for the purposes of a telegraph established or maintained, by the Government or to be so established or maintained."*

The Indian Telegraph Act 10 *"The telegraph authority may, from time to time, place and maintain a telegraph line under, over, along, or across and posts in or upon any immovable property:"* (d) *"in the exercise of the powers conferred by this section, the telegraph authority shall do as little damage as possible, and, when it has exercise those powers in respect of any property other than that referred to in clause(c), shall pay full compensation to all persons interested for any damage sustained by them by reason of the exercise of those powers."*

ഈ നിയമം പ്രകാരം ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് വൈദ്യുത ലൈനോ പ്ലാന്റോ സ്ഥാപിക്കുന്നതിന് അനുവർത്തിക്കേണ്ട കാര്യങ്ങൾ വിശദമാക്കുന്നു. അത് ഇവിടെ പാലിച്ചിട്ടില്ല എന്ന് അനുമാനിക്കാൻ കഴിയുന്നു. വസ്തുവിന്റെ ഉടമയെ കുറിച്ചുള്ള വിവരം അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞില്ല എന്ന് എതിർകക്ഷിയുടെ വാദം അംഗീകരിക്കത്തതല്ല. ഏതൊരു വ്യക്തിക്കും സ്വന്തമായിട്ടുള്ള

വസ്തുവിൽ അനുവാദമില്ലാതെ പ്രവേശിച്ച് ഇത്തരം പ്രവർത്തികൾ ചെയ്യുന്നത് അനധികൃത കയ്യേറ്റമായി തന്നെ കണക്കാക്കേണ്ടതാണ്.

Indian Telegraph Act 1885 ലെ Section 17 ൽ ഒരു ലൈനോ പോസ്റ്റോ മാറ്റി സ്ഥാപിക്കുന്നതിന് പാലിക്കേണ്ട രീതി വ്യക്തമാക്കുന്നു.

Section 17(1) *"When, under the foregoing provisions of this Act, a telegraph line or post has been placed by the telegraph authority under, over, along, across, in or upon any property not being vested in or under the control or management of a local authority, and any person entitled to do so desires to deal with that property in such a manner as to render it necessary or convenient that the telegraph line or post should be removed to another part thereof or to a higher or lower level or altered in form, he may require the telegraph authority to remove or alter the line or post accordingly:*

*Provided that, if compensation has been paid under Section 10, clause(d) he shall, when making the requisition, tender to the telegraph*

*authority the amount requisite to defray the expense of the removal or alteration, or half of the amount paid as compensation, whichever may, be the smaller sum."*

(2) *"If the telegraph authority omits to comply with the requisition, the person making it may apply to the District Magistrate with whose Jurisdiction the property is situated to order the removal or alteration''.*

(3) *"A District Magistrate receiving an application under subsection (2) may, in his discretion rejects the same or make an order, absolutely or subject to conditions, for the removal of the telegraph line post to any other part of the property or to higher or lower level or for the alteration of its form; and the order so made shall be final."*

ഈ നിയമപ്രകാരം ലൈസൻസിയും വ്യക്തിയും തമ്മിൽ തർക്കം നിലനിൽക്കുമ്പോൾ അതിൽ തീരുമാനമെടുക്കേണ്ടത് ജില്ലാ കളക്ടർ (ജില്ല മജിസ്ട്രേറ്റ്) ആണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

എതിർകക്ഷി നൽകിയിരുന്ന പ്രസ്താവനയിൽ ഈ പ്രശ്നം ജില്ലാ കളക്ടറുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണെന്ന് പറയുന്നു. കൂടാതെ AEE അത് ഒരു സത്യവാങ്മൂലമായി സമർപ്പിച്ചിരിക്കുന്നു. ഇതേ പരാതി പരിഹാരത്തിനായി ജില്ല കളക്ടറുടെ പരിഗണനയിലിരിക്കെ ഇതിൽ ഒരു തീരുമാനമെടുക്കാൻ ഓംബുഡ്സ്മാന് അധികാരമില്ല.

<u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. CGRF-ന്റെ തീരുമാനത്തെ പൂർണമായും ശരിവെക്കുന്നു

2. മറ്റുചിലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

<u>P/031/2023/ തിയതി: 04/08/2023.</u>

<u>അയക്കുന്നത്:</u>

1. ശ്രീ.  പി. സി ഡേവിസ്, പള്ളിപ്പുറം ഹൗസ്, സെന്റ് ആന്റണീസ് സ്ട്രീറ്റ്, കുരിയച്ചിറ, തൃശ്ശൂർ (ജില്ല) -680006.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ. എസ്. ഇ. ബി ലിമിറ്റഡ്, ഒല്ലൂർ, തൃശ്ശൂര്.

<u>പകർപ്പ് സമർപ്പിക്കുന്നത്:</u>

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4

3. ചെയർപേഴ്സൺ, CGRF, 220 കെവി സബ്സ്റ്റേഷൻ കോമ്പൗണ്ട്, എച്ച്എംടി കോളനി പി.ഒ., കളമശ്ശേരി, പിൻ-683503